''പ്രതീക്ഷ'' എന്ന ബസിന് സ്ഥിരം റൂട്ട്

208 [286] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊല്ലം ജില്ലയിൽ ഏഴാം മൈൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ഹരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റി വാങ്ങിയ ''പ്രതീക്ഷ'' എന്ന ബസിന് സ്ഥിരമായ ഒരു റൂട്ട് അനുവദിക്കാതിരിക്കുന്നതിന് പ്രത്യേക കാരണം വല്ലതുമുണ്ടോ;

(ബി) എത്രയുംവേഗം ആ ബസിന് സ്ഥിരം റൂട്ട് അനുവദിക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

ഉത്തരം

(എ), (ബി) പ്രസ്തുത ബസ്സ്, സർവ്വീസ് നടത്തുന്ന റൂട്ട് ദേശസാൽക്കരിക്കുന്നതിനായി കെ. എസ്. ആർ. ടി. സി. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിനാലാണ് ആ റൂട്ടിൽ സ്ഥിരം പെർമിറ്റ് നൽകാത്തത്. എന്നാൽ പ്രസ്തുത ബസിന് തൽക്കാലം സർവ്വീസ് നടത്തുന്ന റൂട്ടിൽ 4 മാസത്തെ താൽക്കാലിക പെർമിറ്റും നൽകിയിട്ടുണ്ട്. ദേശസാൽക്കരണത്തിനുവേണ്ടി നോട്ടിഫൈ ചെയ്തിട്ടുള്ള റൂട്ടിൽ സ്ഥിരപെർമിറ്റ് നൽകാൻ സാദ്ധ്യമല്ല.

ഇടുക്കി ജില്ലയിൽ അടിയ്ക്കടി ഉണ്ടാകുന്ന ബസ് അപകടങ്ങൾ

209 [287] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ അടിക്കടി ഉണ്ടാകുന്ന ബസ്സ് അപകടങ്ങൾ ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇടുക്കി ജില്ലയിൽ 1985 വർഷത്തിൽ എത്ര ബസ് അപകടങ്ങൾ ഉണ്ടായിയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ അപകടങ്ങളിൽ എത്ര പേർ മരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇടുക്കി റിജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി 1970-ന് മുൻപുള്ള ഒരു മോഡൽ ബസുകൾക്കും പെർമിറ്റ് നൽകാൻ പാടില്ല എന്ന തീരുമാനം എടുത്തിട്ടുണ്ട്.

(സി) 56.

(ഡി) 59.

LIBRARY ARCHIVES Kerala Legislative Assembly